# സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്ത്

പത്തനംതിട്ട ജില്ല
ഉപജില്ലാ അദാലത്ത് സമതി -1

18-01-2024 തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ വെച്ച് കൂടിയ ഉപജില്ല അദാലത്ത് സമതി 1 ന്റെ യോഗ മിനിറ്റ്സ്.

പങ്കെടുത്തവർ

1. മിനി. എസ്.( അ,സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, പത്തനംതിട്ട).
2. വിനീത് ജി. (അ,സിസ്റ്റന്റ് ടൗൺ പ്ലാനർ,പത്തനംതിട്ട).
3. കെ.സി.സുരേഷ് കുമാർ (ഇൻന്റേണൽ വിജിലൻസ് ഓഫീസർ പത്തനംതിട്ട).

തോട്ടപുഴശ്ശേരി, പുറമറ്റം, ആനിക്കാട്, മല്ലപ്പള്ളി, കുന്നന്താനം, അയിരൂർ, എഴുമറ്റൂർ, കല്ലൂപ്പാറ തിരവല്ല മുനിസിപ്പാലിറ്റി എന്നിവടങ്ങളിലെ ഉദ്യോഗസ്ഥരും അദാലത്തിൽ പങ്കെടുത്തു.

പരിഗണിച്ച വിഷയം- ലൈസൻസ് നൽകുന്നത് പരിഗണിക്കുന്നത് സംബന്ധിച്ച്.

ബഹു.കേരള മുഖ്യമന്തിയുടെ നേതൃത്വത്തിൽ നടന്ന നവകേരള സദസ്സിൽ ലഭിച്ച പരാതികളിൽ തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിയ കെട്ടിട നമ്പറിംഗ്, കെട്ടിടനിർമ്മാണ പെർമിറ്റ്, ലൈസൻസ്, സിവിൽ രജിസ്ട്രേഷൻ എന്നിവയുമായി ബന്ധപ്പെട്ട 17 പരാതികളും സിറ്റിസൺ അദാലത്ത് പോർട്ടലിൽ ലഭിച്ച 1 (ഒരു) പരാതിയും അദാലത്തിൽ പരിഗണിക്കുകയുണ്ടായി.

## അദാലത്ത് തീർപ്പ്

(17). ശ്രീ. ജോൺ മാത്യൂ, കൊല്ലംപറമ്പിൽ മേഴ്സിലാന്റ് കീഴ് വമ്പഴി, പാണ്ടനാട് എന്നയാൾ ബഹു: മുഖ്യമന്ത്രിയുടെ മുമ്പാകെ നവകേരള സദസ്സിൽ സമർപ്പിച്ച പരാതി സംബന്ധിച്ച്:-

തിരുവല്ല താലൂക്കിൽ തിരുവല്ല നഗരസഭ പരിധിയിൽ നിർമ്മിച്ചിരിക്കുന്ന സി.വി.പി
പാർലമെന്റ് സ്വകയർ എന്ന പതിനൊന്ന് നില കെട്ടിടത്തിലെ ഷോപ്പ് നമ്പർ 1/4 എന്ന ഷോപ്പിന്റെ ഉടമയാണ് പരാതിക്കാരൻ, കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ചിരുന്ന കെട്ടിടത്തിന്റെ നിർവ്വഹണത്തിലെ അപാകതകൾ നിമിത്തം തന്റെ ഉടമസ്ഥതയിലുള്ള കടമുറിയിൽ വ്യാപാരം നടത്താനുള്ള ലൈസൻസ് ലഭിച്ചിട്ടില്ല. ലൈസൻസ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നാണ് പരാതിക്കാരന്റെ ആവശ്യം.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം നിർമ്മാണം ക്രമവൽക്കരിക്കുന്ന മുറയ്ക്ക് നിയമാനുസൃത ഒക്യുപെൻസിയും നൽകാൻ കഴിയുകയുള്ളൂ എന്നതിനാൽ നിലവിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷപ്രകാരം നഗരസഭയ്ക്ക് ലൈസൻസ് നൽകാൻ കഴിയില്ലന്ന്

നഗരസഭ അറിയിച്ചു.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ച് കെട്ടിട നിർമ്മാണം ക്രമവൽക്കരിച്ചാലുടൻ തന്നെ വ്യാപാരത്തിനുള്ള ലൈസൻസ് പരാതിക്കാരന് നൽകണമെന്ന് തിരുവല്ല നഗരസഭ സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.

കൺവീനർ
ഉപജില്ലാ അദാലത്ത് സമിതി-1

ഇൻന്റേണൽ വിജിലൻസ് ഓഫീസർ-1
തദ്ദേശസ്വയം ഭരണവകുപ്പ്
പത്തനംതിട്ട.

കോപ്പി: സെക്രട്ടറി തിരുവല്ല മുനിസിപ്പാലിറ്റി.